I/68937/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/793/2022-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തെ പ്രീ സ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി ഇനങ്ങളിലെ വാങ്ങൽ - ബില്ലിൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതുകാരണം ഗുണഭോക്താവിന് തുക ലഭ്യമാകാത്തത്- വിശദാംശം ആവശ്യപ്പെടുന്നതു സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ 10/01/2022 തീയതിയിലെ ICDS/A1/10047/21 നം. ഉത്തരവ്

2. ഈ കാര്യാലയത്തിലെ 13/01/2022 തീയതിയിലെ ICDS/A1/7557/21 നം. ഉത്തരവ്.

3.വടകര അർബൻ ശിശുവികസന പദ്ധതി ഓഫീസറുടെ 21-7-2022 ലെ ICDS/VDKA-UR/549/22 നമ്പർ കത്ത്.

2021-22 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവ വാങ്ങി നൽകുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുമതിയും ഫണ്ടും സൂചന (1), (2) പ്രകാരം നൽകി ഉത്തരവായിരുന്നു.

2021-22 സാമ്പത്തിക വർഷം അങ്കണവാടികൾക്കുള്ള പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവയുടെ വാങ്ങൽ നടപടികൾ പൂർത്തീകരിച്ച് സാമ്പത്തിക വർഷാവസാനം ബില്ല് ട്രഷറിയിൽ സമർപ്പിച്ചതായും, ബില്ല് പാസ്സായതായും എന്നാൽ ബില്ലിലെ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതു കാരണം തുക ഗുണഭോക്താവിന് ലഭ്യമാകുന്നതിനു പകരം സർക്കാരിലേയ്ക്ക് തിരികെ പോയതായും ടി തുക അനുവദിക്കുവാനും സൂചന 3 പ്രകാരം വടകര അർബൻ ശിശുവികസന പദ്ധതി ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

സമാനസാഹചര്യം താങ്കളുടെ ജില്ലയിലെ മറ്റ് പ്രോജക്ടുകളിൽ നിലനിൽക്കുന്നുവെങ്കിൽ

DWCD/793/2022-ICDSA1

I/68937/2022

പ്രസ്തുത പ്രോജക്ടുകളിൽ നിന്നും ട്രഷറിയിൽ സമർപ്പിച്ച ബില്ലിന്റെ പകർപ്പ്, ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ ഡീറ്റയിൽസ്, ക്രഡിറ്റ് സ്റ്റാറ്റസ്, ട്രഷറി ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവയും ബില്ലിൽ ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനുള്ള വിശദീകരണവും സഹിതം 7/12/2022 നകം അറിയിക്കേണ്ടതാണ്. തുക അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുള്ളതിനാൽ സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

For വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും